രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിരുന്നുവെങ്കിലും രണ്ടാം ഗഡുവായ 7 കോടി രൂപ അനുവദിക്കുന്നതിനു പകരം 70.87 ലക്ഷം രൂപ മാത്രമേ കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളൂ. കേന്ദ്ര സർക്കാരിൽനിന്നും കുടിശ്ശികയുള്ള തുക ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതി നിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാൻ നിർദ്ദേശങ്ങൾ

137 (3291) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി നിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാൻ 2013-14 വർഷത്തെ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുകയുണ്ടായിട്ടുണ്ടോ;

(സി) 2015-16 ലെ പദ്ധതികളുടെ രൂപരേഖ 2015 മെയ് 31 ന് മുമ്പായി എല്ലാ വകുപ്പുകളിലും പൂർത്തിയാക്കിയിട്ടുണ്ടോ; പൂർത്തിയാക്കാത്ത വകുപ്പുകൾ ഏതൊക്കെ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ വിദഗ്ധ പരിശീലനം എല്ലാ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കും നൽകിയിട്ടുണ്ടോ;

(ഇ) ഓരോ പദ്ധതികളുടെയും നിർവ്വഹണ ഉത്തരവാദിത്വം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; ഇത് ചെയ്തിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെ; നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ പേരുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(എഫ്) പദ്ധതി നടപ്പാക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തിയ എത്രപേരുടെ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി; കാര്യക്ഷമത പ്രകടിപ്പിച്ച എത്ര പേർക്ക് പ്രത്യേക അംഗീകാരം നൽകുകയുണ്ടായി?

ഉത്തരം

(എ) പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നതിലേക്കായി ഭരണാനുമതി നൽകേണ്ട പദ്ധതികൾക്ക് സമയബന്ധിതമായി യഥാസമയം ഭരണാനുമതി നൽകുന്നതിനും വർഷാന്ത്യത്തിൽ പദ്ധതി ചെലവ് അധികരിക്കുന്നത് തടയുന്നതിന് പാദാടിസ്ഥാനത്തിൽ ലക്ഷ്യം കൈവരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇലക്ട്രോണിക് സംവിധാനത്തിലൂടെ പദ്ധതി മോണിറ്റർ ചെയ്യുന്നതിന് പ്ലാൻ സ്പേസ് സംവിധാനവും നടപ്പിൽ വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പിലാക്കിയിട്ടുണ്ട്.

(സി) പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) IIITMK, IKM മുതലായ സ്ഥാപനങ്ങൾ വഴി ഉദ്യോഗസ്ഥർക്ക് പദ്ധതി നിർവ്വഹണ പരിശീലനം ഘട്ടം ഘട്ടമായി നൽകിവരുന്നു.

(ഇ) എല്ലാ വകുപ്പുകളുടെയും നിർവ്വഹണ ഉത്തരവാദിത്വം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(എഫ്) കുറ്റകരമായ വീഴ്ച വരുത്തിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ വകുപ്പുകൾക്ക് അവാർഡ് നൽകുന്ന പദ്ധതി നിലവിലുണ്ട്.

ട്രഷറി നിക്ഷേപങ്ങൾ

138 (3292) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ട്രഷറിയിൽ തിരിച്ച് നൽകേണ്ടതായ നിക്ഷേപം മൊത്തം എത്ര കോടി രൂപയുണ്ട്; പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം എത്ര; സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം എത്ര; ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപം എത്ര; കോർപ്പറേഷനുകളുടെ നിക്ഷേപം എത്ര; ഇതിനെല്ലാം പുറമേയുള്ള മറ്റ് നിക്ഷേപങ്ങൾ എത്ര; വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള നിക്ഷേപങ്ങൾക്ക് പ്രതിമാസം എത്ര രൂപയുടെ പലിശ നല്കേണ്ടതായിട്ടുണ്ട്; പലിശ ഇനത്തിൽ 2015 ജൂൺ 30-ന് നൽകേണ്ടുന്ന മൊത്തം തുക എത്ര; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2015 ജൂലൈ 10-ലെ കണക്കുകൾ പ്രകാരം ഗവൺമെന്റ് ട്രഷറിയിൽ തിരിച്ച് നൽകേണ്ട നിക്ഷേപം (മൊത്തം) 6794.30 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം 2382.17 കോടി രൂപയും സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം 156.19 കോടി രൂപയും ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപം 95.06 കോടി രൂപയും കോർപ്പറേഷനുകളുടെ നിക്ഷേപം 138.42 കോടി രൂപയും മറ്റ് നിക്ഷേപങ്ങൾ 4022.46 കോടി രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly